**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5560** **24-03-2025 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം മാനസികാ രോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനായി 90,15,20,000/- രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ രൂപരേഖ തയ്യാറാക്കി അനുമതിക്കായി KIIFB ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു.<br><br>കൂടാതെ രോഗികളുടെ പുനരധിവാസം ലക്ഷ്യമിട്ട് സാമൂഹ്യനീതി വകുപ്പ് family short stay home COSTFORD മുഖേന പണി കഴിപ്പിച്ചു വരുന്നു. തിരുവനന്തപുരം കോർപ്പറേഷന് കീഴിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ പണി പുരോഗമിച്ച് വരുന്നു.<br><br>കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ 28 കോടി രൂപ ചെലവഴിച്ച് കൊണ്ട് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള 120 കിടക്ക കളോടുകൂടിയുള്ള പുതിയ കെട്ടിടം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ കിഫ്ബി ധനസഹായത്തോടെ 98.37 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്കുള്ള ഭരണാനുമതി നൽകി തുടർനടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിലെ പരിമിതികൾ മൂലം അന്തേവാസികൾ ചാടിപ്പോകുന്നതായും ആത്മഹത്യ ചെയ്യുന്നതായും കൊലപാതകങ്ങൾ നടക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം മാനസികാ രോഗ്യ കേന്ദ്രത്തിൽ നിന്നും 2024 വർഷത്തിൽ 23 പേർ ചാടിപ്പോയതിൽ 5 പേർ ഒഴികെ മറ്റെല്ലാവരും തിരിച്ചെത്തിയിട്ടുണ്ട്. ഓരോന്നും അപ്പപ്പോൾ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മാനസികാ രോഗ്യ കേന്ദ്രത്തിൽ 2024 വർഷത്തിലും തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലും ആത്മഹത്യയോ കൊലപാതകമോ റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 21.06.2022 തീയതിയിലെ സ.ഉ. (കൈ) നം.126/ 2022/ആ.കു.വ പ്രകാരം ക്ലാർക്കിന്റെ 2 തസ്തികയും, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II ന്റെ 4 തസ്തികയും കുക്കിന്റെ 3 തസ്തികയും, 18.08.2022 തീയതിയിലെ സ.ഉ (കൈ) നം. 168/2022/ആ.കു.വ പ്രകാരം വാച്ച്മാന്റെ 20 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>18.11.2024-ലെ സ.ഉ(സാധാ)നം.2785/2024/ ആ.കു.വ പ്രകാരം കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിനു വേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിനും അനുബന്ധ പ്രവർത്തികൾക്കായി 28 കോടി രൂപ നബാർഡ് ട്രാൻച്ചേ 30-ൽ 2024-2025-ൽ അനുവദിച്ചു. കിഫ്ബി പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മാണത്തിനും അനുബന്ധ പ്രവർത്തികൾക്കുമായി തിരുവനന്തപുരം മെന്റൽ ഹെൽത്ത് സെന്ററിന് 90.15 കോടി രൂപയും, തൃശ്ശൂർ മെന്റൽ ഹെൽത്ത് സെന്ററിന് 98.37 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ സുരക്ഷക്കായി നിലവിലെ ചുറ്റുമതിൽ പുനർ നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ സുരക്ഷ മുൻനിർത്തികൊണ്ട് 104 സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും അന്തേവാസികൾക്ക് വേണ്ടി 8.8 കോടി രൂപ ചെലവഴിച്ച് റീഹാബിലിറ്റേഷൻ & റിക്രിയേഷൻ സെന്റർ (തൊഴിൽ പരിശീലന, വിനോദ കേന്ദ്രം) നിർമ്മാണം പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ